Ayurvedic Hospitals and Dispensaries.

63. [8] SHRI V. V. SEBASTIAN : Will the Minister for Health be pleased to state the names of places in each District where Ayurvedic Hospitals and dispensaries have been provided ?

Answer.

A list is placed on the table.*

മിഡ്‌വൈഫറി സെൻറർ.

64. [9] ശ്രീ. എൻ. ജി. ചാക്കോ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പത്തനംതിട്ട താലൂക്കിൽപ്പെട്ട പുന്നയ്ക്കാട്ടുകരയിൽ ഒരു മിഡ്‌വൈഫറി സെൻറർ സ്ഥാപിക്കണമെന്ന കാര്യം നിവേദനം കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതേപ്പറ്റി എന്തു നടപടി എടുത്തിട്ടുണ്ട് ;

(സി) അടുത്ത സാമ്പത്തികവർഷത്തിൽ ടി മിഡ്‌വൈഫറി സെൻറർ അനുവദിക്കുമോ ?

ഉത്തരം.

(എ) ഉണ്ട്.

(ബി) അവിടെ രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്തു ഒരു മിഡ്‌വൈഫറി സെൻറർ തുറക്കുന്ന കാര്യം ഗവണ്മെൻറ് ആലോചിക്കുന്നതാണ്.

(സി) ഉദിക്കുന്നില്ല.

കളിക്കടവ്.

65. [20] ശ്രീ. പി. കേശവമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ചെറുതുരുത്തി പഞ്ചായത്തിലുൾപ്പെട്ട ചെറുതുരുത്തി പ്രദേശത്തു ഭാരതപ്പുഴയിൽ ഒരു കളിക്കടവ് കെട്ടുവാൻ പഞ്ചായത്തിൽ നിന്നും വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ടി കാര്യത്തിൽ ഗവണ്മെൻറ് എന്തു നടപടികൾ സ്വീകരിച്ചു ;

(സി) നടപടികൾ എടുത്തിട്ടില്ലെങ്കിൽ അതിന് പ്രത്യേകം കാരണമുണ്ടോ ?

ഉത്തരം.

(എ) ഇല്ല. എന്നാൽ നാട്ടുകാരുടെ ഒരു നിവേദനം കിട്ടിയിട്ടുണ്ട്.

* Please see Appendix VIII.

LIBRARY ARCHIVES Kerala Legislative Assembly